# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *300** — 11-12-2018-ൽ മറുപടി നൽകേണ്ടത്

## മൗലാനാ ആസാദ് നാഷണൽ ഫെലോഷിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള : | ഡോ.കെ.ടി.ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷ പിന്നോക്ക വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസത്തിനായി അനുവദിച്ച മൗലാന ആസാദ് നാഷണൽ ഫെലോഷിപ്പ് കഴിഞ്ഞ രണ്ട് വർഷമായി സംസ്ഥാനത്തെ അർഹരായ കുട്ടികൾക്ക് ലഭിക്കാത്ത സാഹചര്യമുണ്ടോ;<br>(ബി) ഇത് സംബന്ധമായ വിജ്ഞാപനം യു.ജി.സി.യും ബന്ധപ്പെട്ട മന്ത്രാലയവും ഇനിയും ഇറക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) എങ്കിൽ വിജ്ഞാപനം ഇറക്കാത്തത് സംബന്ധിച്ച കാര്യങ്ങൾ ആരായുകയുണ്ടായോ; സംസ്ഥാനത്ത് എത്ര കുട്ടികൾക്കാണ് നിലവിൽ ഇത് കാരണം ആനുകൂല്യം നഷ്ടപ്പെട്ടുക | എ) ബി) സി) & ഡി)<br>സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ഇത്തരത്തിൽ ഒരു ഫെല്ലോഷിപ്പ് പദ്ധതി നിലവിലില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ ന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള മൗലാനാ ആസാദ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിലാണ് മൗലാനാ ആസാദ് നാഷണൽ ഫെലോഷിപ്പ് നടപ്പിലാക്കി വരുന്നത്. യു.ജി.സി ആണ് ഇതിന്റെ നോഡൽ ഏജൻസി. എം.എഫിൽ, പി.എച്ച്.ഡി മുതലായ ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അഞ്ച് വർഷത്തെ സംയോജിത ഫെലോഷിപ്പായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് |

| | |
|---|---|
| എന്ന് അറിയിക്കാമോ; | മൗലാനാ ആസാദ് നാഷണൽ ഫെലോഷിപ്പ്: വിജ്ഞാപനത്തിനനു സൃതമായി ഗവേഷകർ നേരിട്ടാണ് ഓൺലൈനിൽ അപേക്ഷ സമർപ്പിക്കുന്നത്. 2017 ഏപ്രിൽ മുതൽ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി) സ്കീം പ്രകാരം കേന്ദ്ര സർക്കാർ നേരിട്ട് ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് നൽകിവരുന്നു. സംസ്ഥാന സർക്കാർ വിതരണം ചെയ്യാത്ത സാമ്പത്തിക സഹായമായതിനാൽ ആനുകൂല്യം നഷ്ടപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) ആനുകൂല്യം പുനഃസ്ഥാപിച്ച് കിട്ടാൻ സംസ്ഥാന സർക്കാർ ഇതിനോടകം നടത്തിയ ശ്രമങ്ങൾ എന്തൊക്കെയാണ്; ആനുകൂല്യങ്ങൾ എന്നത്തേക്ക് പുന:സ്ഥാപിക്കാനാകും;വിശദാംശങ്ങൾ നൽകുമോ? | |

സെക്ഷൻ ഓഫീസർ